നം. സി.ഇ.ഇ/2900/2007/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

# പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് - 2008

2008 - ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അവസാനഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. 2008 ഒക്ടോബർ 18 ന് നിലവിലുണ്ടായിരുന്ന ഓപ്ഷനുകൾ അടിസ്ഥാനപ്പെടുത്തിയുള്ള അലോട്ട്മെന്റാണിത്. സ്വകാര്യ സ്വാശ്രയ ആയുർവേദ കോളേജ് മാനേജ്മെന്റുകളും സർക്കാരുമായി ഉണ്ടാക്കിയിട്ടുള്ള കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രസ്തുത കോളേജുകളെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഓരോ വിദ്യാർത്ഥിയ്ക്കും ലഭിച്ച അലോട്ട്മെന്റിന്റെ വിശദാംശങ്ങളും, അടച്ച ഫീസ്/ ഡെപ്പോസിറ്റ് അല്ലെങ്കിൽ അടയ്ക്കേണ്ടതായ ഫീസ് എന്നിവയുടെ വിശദാംശങ്ങൾ വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഹോം പേജിൽ **www.cee.kerala.gov.in/capresult2008** എന്ന വെബ്സൈറ്റിലൂടെ അറിയുവാൻ സാധിക്കും. മേൽപറഞ്ഞ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിഗത '**അലോട്ട്മെന്റ് ലറ്റർ**' വിദ്യാർത്ഥികൾക്ക് ഈ വെബ്സൈറ്റിൽ നിന്നും പ്രിന്റ് ആയി എടുക്കാവുന്നതാണ്. ഓരോ കോളേജിലും, വിവിധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ ലാസ്റ്റ് റാങ്കിനെ സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത വെബ് സൈറ്റിൽ ലഭ്യമാണ്.

അലോട്ട്മെന്റ് / റീ-അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് **www.cee.kerala.gov.in/capcollege2008** എന്ന വെബ്സൈറ്റിൽ നിന്നും കോളേജ് അധികാരികൾ ഡൗൺലോഡ് ചെയ്യേണ്ടതും, റീ-അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് റ്റി.സി., ഒറിജിനൽ സർട്ടിഫിക്കറ്റുകൾ, ഡെപ്പോസിറ്റ് എന്നിവ യഥാസമയം തിരികെ നൽകേണ്ടതുമാണ്.

ഹോം പേജിൽ കാണിച്ചിരിക്കുന്ന തുക വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരെഞ്ഞെടുത്ത ശാഖകളിൽ **2008 ഒക്ടോബർ 23 മുതൽ 25 (ഉച്ചയ്ക്ക് 12 മണിവരെ)** വരെയുള്ള കാലയളവിൽ അടയ്ക്കേണ്ടതാണ്.

മുൻ അലോട്ട്മെന്റ് പ്രകാരം ഫീസ്/ഡെപ്പോസിറ്റ് അടച്ചിട്ടുള്ള വിദ്യാർത്ഥികൾ, ഇന്ന് പ്രസിദ്ധീകരിച്ച അലോട്ട്മെന്റിൽ ഉൾപ്പെടുകയും എന്നാൽ നേരത്തേ അടച്ച തുക, ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സിന്റെ ഫീസ്/ ഡെപ്പോസിറ്റിനേക്കാൾ കുറവുമാണെങ്കിൽ, ബാക്കിയുള്ള തുക **2008, ഒക്ടോബർ 23, 24, 25 (ഉച്ചയ്ക്ക് 12 മണിവരെ) തീയതികളിൽ**ത്തന്നെ

അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കുള്ളിൽ ഫീസ് / അധികഫീസ് / ഡെപ്പോസിറ്റ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

അലോട്ട്മെന്റ്/റീ-അലോട്ട്മെന്റ് ലഭിച്ച്, ഫീസടച്ച വിദ്യാർത്ഥികൾ **2008 ഒക്ടോബർ 28 മുതൽ 30 വരെ**യുള്ള തീയതികളിൽ നിശ്ചിത കോളേജുകളിൽ ഹാജരായി പ്രവേശനം നേടിയിരിക്കണം. പ്രവേശനസമയത്ത് വിദ്യാർത്ഥികൾ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്:

1. 2008-ലെ പ്രവേശന പരീക്ഷാ അഡ്മിറ്റ് കാർഡ്.
2. ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
3. വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി.), സ്വഭാവ സർട്ടിഫിക്കറ്റ്.
4. യോഗ്യതാ പരീക്ഷയുടെ ഒറിജിനൽ മാർക്ക് ലിസ്റ്റ്/മാർക്ക് ലിസ്റ്റും പാസ് സർട്ടിഫിക്കറ്റും.
5. എലിജിബിലിറ്റി സർട്ടിഫിക്കറ്റ് - കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നുള്ളത് (HSE/VHSE/CBSE/ICSE കോഴ്സുകൾ പാസ്സായവർ ഒഴികെ).
6. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമാണെങ്കിൽ).
7. ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ് - പ്രോസ്പെക്ടസിലെ അനുബന്ധം XVII(a) or XVII(b).
8. ബാങ്കിൽ നിന്നുള്ള ഫീസ് രസീത്.
9. അലോട്ട്മെന്റ് ലറ്റർ (**www.cee.kerala.gov.in/capresult2008** എന്ന വെബ്സൈറ്റിൽ നിന്നും ലഭിച്ചത്).

22.10.2008-ൽ നിലവിലുള്ള കോളേജ്/കോഴ്സിൽ നിന്നും പുതിയ കോളേജ്/കോഴ്സിലേക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ നിർബന്ധമായും പുതിയ കോളേജ്/ കോഴ്സിലേക്ക് നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം അവരുടെ നിലവിലുള്ള അഡ്മിഷനും റദ്ദാകുന്നതാണ്. കോളേജ് അധികാരികൾ **www.cee.kerala.gov.in/capcollege2008** എന്ന വെബ്സൈറ്റ് ഉപയോഗിച്ച് പ്രവേശന നടപടികൾ നടത്തേണ്ടതാണ്. കൂടാതെ **31.10.2008** ന് തന്നെ നോൺ-ജോയിനിംഗ് റിപ്പോർട്ട് നിർബന്ധമായും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഫാക്സ് നമ്പറിലേയ്ക്ക് **(0471 - 2337228)** അയയ്ക്കേണ്ടതാണ്.

2008-ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 31.10.2008 ന് അവസാനിക്കുന്നതാണ്. **31.10.2008** ന് ശേഷം അഡ്മിഷൻ റദ്ദു ചെയ്യുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് വ്യവസ്ഥ 12.2.4 പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് നൽകാൻ ബാദ്ധ്യസ്ഥരായിരിക്കും.

തിരുവനന്തപുരം

22.10.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**